ॐ



ഇത്ഥം പരസ്യ നിജവർത്മരിരക്ഷയാ*ff*ത്ത
ലീലാതനോസ്തദനുരൂപവിഡംബനാനി
കർമ്മാണി കർമ്മകഷണാനി യദൂത്തമസ്യ
ശ്രൂയാദമുഷ്യ പദയോരനുവൃത്തിമിച്ഛൻ **(10-90-49)**

*ശുകമുനി തുടർന്നു:*
ദ്വാരകാപുരിയുടെ ഭംഗിയും മഹിമയും വർണ്ണനാനതീതമായിരുന്നു. അവിടെ ഭഗവാൻ തന്റെ അനേകം സഹധർമ്മിണിമാരുമൊത്തു വാണു. അവരെല്ലാം ഭഗൂവാനിൽ അതീവ ഭക്തകളായിരുന്നു. അവർ ഭഗവാനുമൊത്ത് വിളയാടി. ഭഗവാനെ കളിയാക്കി, ആലിംഗനം ചെയ്തു. അവർക്ക് ഭഗവാൻ എല്ലാമായിരുന്നു. ആദിയും അന്തവും. അദ്ദേഹത്തിൽനിന്നുള്ള വിരഹം ഒരു നിമിഷം പോലും അവർക്ക് താങ്ങാനാവുമായിരുന്നില്ല. ലോകത്തിലുള്ള എല്ലാം അവർക്ക് ഭഗവൽസ്മരണ നൽകി. ചരാചരങ്ങളോട് അവർ പലപ്പോഴും ഭഗവാനെപ്പറ്റി സംസാരിച്ചു.

“അല്ലയോ സമുദ്രമേ, ഞങ്ങളെപ്പോലെ നിനക്കും ഉറക്കമില്ല അല്ലേ? നിന്റെ ശാന്തിയും സാന്ദ്രതയുമെല്ലാം ആ ഭഗവാൻ കവർന്നുവോ? അല്ലയോ മഴമേഘമേ, നിനക്കും ഭഗവാന്റെ നീലനിറമാണല്ലോ. ഞങ്ങളെപ്പോലെ നീയും ഭഗവാനെ നിരന്തരം ധ്യാനിക്കുന്നുണ്ടാവണം. ഞങ്ങൾ ചെയ്യുന്നതുപ്പോലെ നീയും അദ്ദേഹത്തെയോർത്ത് ചിലപ്പോൾ പ്രേമക്കണ്ണീരു പൊഴിക്കുന്നു! പ്രിയപ്പെട്ട മലനിരകളേ, നീ തീർച്ചയായും ആഴമേറിയ ധ്യാനത്തിലാണ്. ആ ഭഗവാന്റെ പാദസ്പർശം ലഭിക്കാനാവുമെന്ന് പ്രത്യാശയുമുണ്ട് അല്ലെ? നിന്റെ പർവ്വതശിഖരം ഞങ്ങളുടെ മാറിടം പോലെയുണ്ട്.” “അല്ലയോ നദികളേ, നിങ്ങളെത്ര മെലിഞ്ഞിരിക്കുന്നു. നിങ്ങൾക്ക് മേഘങ്ങളിൽനിന്നും വേണ്ടത്ര മഴ കിട്ടുന്നില്ല. ഞങ്ങൾ ഭഗവൽദർശനം ലഭിക്കാതെ വ്യഥ പൂണ്ടിരിക്കുന്നതുപോലെയാണല്ലോ അത്. ഈ സദ്സ്ത്രീകളുടെ നാഥൻ, യോഗിവര്യമാർ സാക്ഷാത്കരിക്കാൻ ആഗ്രഹിക്കുന്ന ഭഗവാനത്രെ. രാജൻ, ഭഗവാൻ കൃഷ്ണന്റെ കഥകളും മഹിമാവർണ്ണനകളും കേൾക്കുന്നവർ അവയിൽ അത്യാകൃഷ്ടരാവുന്നു. ഭഗവൽസവിധത്തിൽ ഒപ്പം ജിവിച്ചവരുടെ സൗഭാഗ്യസുകൃതത്തെ ആർക്കാണളക്കാനാവുക? ഭഗവാന്റെ ദേഹസ്പർശം ലഭിച്ചവരുടെയത്ര അനുഗ്രഹീതരായി ആരുണ്ട്? ഭഗവൽപാദസേവ ചെയ്യുകയും കൃഷ്ണനെ ഭർത്താവായി ലഭിക്കയും ചെയ്തവരുടെ കഥ പറയാനുണ്ടോ?

ശ്രീകൃഷ്ണൻ സ്വജീവിതത്തിലൂടെ ലൗകീകജീവിതത്തിന്റെ മൂന്നു ലക്ഷ്യങ്ങൾ -ധർമ്മം, അർത്ഥം, കാമം- എങ്ങിനെ ഗൃഹസ്ഥാശ്രമജിവിതം കൊണ്ടു സാധിക്കാം എന്ന് നമ്മെ കാണിച്ചു തന്നു. കൃഷ്ണന് അനേകം പത്നിമാരും കുട്ടികളുമുണ്ടായിരുന്നു. പ്രദ്യുമ്നന്റെ മകൻ അനിരുദ്ധൻ രുക്മിയുടെ മകളെ വിവാഹം ചെയ്തു. അതിൽ വജ്രൻ എന്ന് പേരായ മകൻ ജനിച്ചു. യാദവകുലം മുഴുവൻ നശിക്കാനിടയായ ആ കൂട്ടക്കൊലയിൽ വജ്രൻ മാത്രമെ അവശേഷിച്ചുള്ളു. അദ്ദേഹത്തിന്റെ പിൻതലമുറ കാലക്രമേണ വളർന്നു വന്നു. ഈ കുടുംബത്തിലെ ആരും അൽപ്പായുഷ്മതികളോ ക്ഷീണിതരോ ആയിരുന്നില്ല. എല്ലാവരും ഭഗവൽഭക്തരും മഹാത്മാക്കളോട് ആദരവുള്ളവരുമായിരുന്നു. സകലജീവജാലങ്ങൾക്കുമുള്ള ഏകാശ്രയം ശ്രീകൃഷ്ണൻ മാത്രം. അദ്ദേഹം എല്ലാവരെയും ഉദ്ധരിച്ചു. എല്ലാവരും അവിടുത്തെ സ്നേഹിച്ചു. ഭഗവാനെ സദാ സ്നേഹിച്ചവരേയും സദാ വെറുത്തവരേയും ഭഗവാനിൽ സുഹൃത്തിനെക്കണ്ടവരേയും ഭഗവാനിൽ നാഥനെ ദർശിച്ചവരേയും എല്ലാം ഭഗവാൻ രക്ഷിക്കുന്നു. ഭഗവാൻ ശ്രീകൃഷ്ണന് വിജയം, മംഗളം. “പരിപൂർണ്ണ ജിവിതത്തിന് ഉത്തമമാതൃകയായി ഭഗവാൻ കൃഷ്ണൻ അങ്ങിനെ ഭൂമിയിൽ വാണരുളി. ധർമ്മസംസ്ഥാപനം നടത്തി. ഭഗവൽകഥകളോർമ്മിച്ച് ധ്യാനിക്കുകവഴി സകലപാപവിമോചനവും കർമ്മപാശത്തിൽ നിന്ന് രക്ഷയും ലഭിക്കുന്നു. ഭഗവൽഭക്തിവളർത്താനാഗ്രഹിക്കുന്ന ഒരുവൻ സദാ ഭഗവൽകഥകൾ ശ്രവിക്കേണ്ടതാണ്.**

*ധർമ്മം ' ധാർമ്മീകജിവിതം*　*അർത്ഥം ' സമ്പദൈശ്വര്യങ്ങൾ*
*കാമം ' ലൗകീകസുഖാസ്വാദനം*　*മോക്ഷം ' വിമോചനം*